ദേശാഭിമാനി
11 December 2017

# ലക്ഷദ്വീപിൽ അകപ്പെട്ട 250 പേർ തിരിച്ചെത്തി

- സ്വന്തം ലേഖകർ

- കൂടുതൽ തെരച്ചിലിനായി കപ്പൽ പുറപ്പെട്ടു
- 3 മൃതദേഹംകൂടി കണ്ടെത്തി

**കൊച്ചി/തിരുവനന്തപുരം >** ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് കടലിൽ അകപ്പെട്ട 250 മത്സ്യത്തൊഴിലാളികൾകൂടി തിരിച്ചെത്തി. കൊച്ചിയിൽനിന്ന് പുറപ്പെട്ട് കാറ്റിലകപ്പെട്ട് ലക്ഷദ്വീപ് തീരത്ത് എത്തിയ 22 ബോട്ടുകളിലുണ്ടായിരുന്നവരാണ് ഞായറാഴ്ച കൊച്ചിയിൽ തിരിച്ചെത്തിയത്. ഞായറാഴ്ച മൂന്ന് മത്സ്യത്തൊഴിലാളികളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഇതോടെ സംസ്ഥാനത്ത് മരിച്ചവർ 43 ആയി. ഇതിൽ 11 പേരെ തിരിച്ചറിയാനുണ്ട്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ തെരച്ചിൽ ഊർജ്ജിതമായി തുടരുകയാണ്.

കേരളത്തിൽനിന്ന് 41 പേരും തമിഴ്നാട്ടിൽനിന്ന് 189 പേരും ആസാം സ്വദേശികളായ 14 പേരും ഒറീസയിൽനിന്ന് അഞ്ചു പേരും ആന്ധ്രയിൽനിന്നുള്ള ഒരു തൊഴിലാളിയുമാണ് കൊച്ചിയിൽ എത്തിയത്. പ്രാഥമിക ചികിത്സ നൽകിയശേഷം എല്ലാവരെയും സ്വദേശങ്ങളിലേക്ക് അയച്ചു.

തീര സംരക്ഷണസേനയാണ് കടലിൽനിന്ന് രണ്ട് മൃതദേഹങ്ങൾ കണ്ടെടുത്തത്. വിഴിഞ്ഞത്തുനിന്ന് 277 കിലോമീറ്റർ അകലെയും കൊച്ചിയിൽനിന്ന് 37 കിലോമീറ്റർ അകലെയുമാണ് മൃതദേഹങ്ങൾ കണ്ടത്. തിരിച്ചറിഞ്ഞിട്ടില്ല.

ശക്തമായ കാറ്റിലും മഴയിലുംപെട്ട് ദുരിതമനുഭവിക്കുന്നതിനിടെ നാവികസേനയുടെ നിർദേശത്തെ തുടർന്നാണ് ബോട്ടുകൾ ലക്ഷദ്വീപിലെ കവരത്തി, ആന്ത്രോത്ത്, കൽപ്പേനി ദ്വീപുകളിൽ അടുപ്പിച്ചതെന്ന് തോപ്പുംപടി ഫിഷറീസ് ഹാർബറിലെത്തിയ തൊഴിലാളികൾ പറഞ്ഞു.

പരിക്കേറ്റ തൊഴിലാളികളെ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കൊച്ചിയിലെത്തിയ ആകാശ് എന്ന ബോട്ടിലെ തൊഴിലാളികൾ പറഞ്ഞതനുസരിച്ച്, കടലിൽ മൃതദേഹങ്ങൾ ഒഴുകിനടക്കുന്നുവെന്ന വിവരത്തെത്തുടർന്ന് തെരച്ചിലിന് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ കപ്പൽ പുറപ്പെട്ടു. കപ്പലിൽ മത്സ്യത്തൊഴിലാളികളുമുണ്ട്.